**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 181** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചെട്ടിക്കാട് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ചെട്ടികാട് ആശുപത്രിയ്ക്കായി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ ചെട്ടിക്കാട് ആശുപത്രി വികസ നത്തിനായി 10.01.2018 തീയതിയിലെ സ.ഉ (സാധാ) നം. 103/2018/ആ.കു.വ പ്രകാരം 118.5 കോടിയുടെ ഭരണാനുമതി നൽകുകയും 101.10 കോടിയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | ചെട്ടിക്കാട് ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല, നിലവിൽ 2.956 ഏക്കർ സ്ഥലം ആശു പത്രിക്കായി ഏറ്റെടുത്തിട്ടുണ്ട്. നിലവിലു ള്ള രണ്ട് കെട്ടിടങ്ങളേയും ബന്ധിപ്പിക്കാനുള്ള ഇടനാഴിക്കും പുതുതായി പണിയുന്ന കെട്ടിട ത്തിന്റെ സെറ്റ് -ബാക്കിനുമായി കിഫ്ബി അനുമതി നൽകിയ 16 സെന്റ് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു. 1.5% ജോലികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ